# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2399 17.08.2017-ൽ മറുപടിക്ക്**

## ഉദ്യോഗപ്പേര് മാറ്റുന്നതിന് വേണ്ട നടപടികൾ

| ചോദ്യം<br>ശ്രീ. പി.അയിഷാ പോറ്റി | | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വനം വകുപ്പിൽ ജോലി ചെയ്യുന്ന ഫോറസ്റ്റ് വാച്ചർ/ഡിപ്പോ വാച്ചർ/ട്രൈബൽ വാച്ചർമാർ എന്നിവരുടെ ഉദ്യോഗപ്പേര് അസിസ്റ്റന്റ് ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ഫോറസ്റ്റ് അസിസ്റ്റന്റ് എന്ന തരത്തിൽ മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) | ഫോറസ്റ്റ് ഗാർഡ്, ഫോറസ്റ്റ്-റെയ്ഞ്ച് ഓഫീസർ എന്നിവരുടെ ഉദ്യോഗപ്പേരുകൾ ബീറ്റ് ഫോറസ്റ്റ് ആഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ , ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ എന്ന് പുനർനാമകരണം ചെയ്തത് എന്നാണെന്നും, ആരുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അപ്രകാരം പുനർനാമകരണം ചെയ്തതെന്നും വ്യക്തമാക്കുമോ ? | (ബി) | സർക്കാർ ഉത്തരവ്(എം.എസ്)നം.97/12/ വനം തീയതി 05/09/12 പ്രകാരമാണ് ബീറ്റ് ഫോറസ്റ്റ് ആഫീസർ, ഫോറസ്റ്റർ, ഡെപ്യൂട്ടി റെയിഞ്ചർ എന്നീ തസ്തികകൾ പുനർ നാമകരണം ചെയ്തിട്ടുള്ളത്. വനം വകുപ്പിലെ മുൻ നിര സംരക്ഷണ വിഭാഗം ജീവനക്കാരുടെ തസ്തികകളുടെ പേര് കാലോചിതമായി പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിലാണ് പുനർനാമകരണം ചെയ്തിട്ടുള്ളത്. |

Safeena

സെക്ഷൻ ഓഫീസർ